**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2517** **27-02-2023 - ൽ മറുപടിയ്ക്ക്**

**മണ്ണ് നീക്കുന്നതിനുള്ള അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ പ്രവൃത്തികൾക്കും വീട് നിർമ്മാണത്തിനും മറ്റുമായി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി യഥാസമയം ലഭിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള അനുമതി യഥാസമയം ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ പ്രവൃത്തികൾക്കും, വീട് നിർമ്മാണത്തിനും മറ്റുമായി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ അനുമതി നൽകുന്നതിനുള്ള നടപടികൾ മൈനിംഗ് & ജിയോളജി വകുപ്പിൽ സ്വീകരിച്ചു വരുന്നുണ്ട്. എന്നാൽ ചില സന്ദർഭങ്ങളിൽ അപേക്ഷകളിലെ അപാകതകൾ കാരണം അനുമതി നൽകുന്നതിന് കാലതാമസം വരുന്നുണ്ട്. ഇത്തരം അപേക്ഷകളിൽ അപേക്ഷകൻ ആയത് പരിഹരിച്ചു വരുന്ന മുറയ്ക്ക് അനുമതി നൽകുകയും ചെയ്യുന്നുണ്ട്. 14.12.2022 ലെ സ.ഉ (സാധാ) നം.1292/2022/വ്യവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൾ കൂടുതൽ തീർപ്പാക്കാനുള്ള കൊല്ലം, കണ്ണൂർ, മലപ്പുറം, പത്തനംതിട്ട, പാലക്കാട് എന്നീ ജില്ലകളിൽ ലഭ്യമായ അപേക്ഷകൾ തീർപ്പാക്കുന്നതിനായി സ്പെഷ്യൽ അദാലത്ത് നടത്തുകയും, മലപ്പുറം, കണ്ണൂർ, കൊല്ലം ജില്ലകളിലെ കുടിശ്ശിക അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിനായി മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിൽ നിന്നും ഒരോ ജിയോളജിസ്റ്റുമാരുടെ സേവനം താൽക്കാലികമായി വിട്ടു നൽകിയിട്ടുമുണ്ട്. |
| (ബി) | മണ്ണ് നീക്കുന്നതിനും മറ്റുമുള്ള അനുമതിക്കായി അപേക്ഷകർ ദിവസങ്ങളോളം ഓഫീസുകളിൽ കയറിയിറങ്ങി തിരക്ക് സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഓൺലൈനായി അപേക്ഷകൾ സ്വീകരിച്ച് തീർപ്പ് കല്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | അപേക്ഷകളുടെ ബാഹുല്യം കണക്കിലെടുത്ത് തിരക്ക് ഒഴിവാക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാ ജിയോളജിസ്റ്റുമാർ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താറുണ്ട്. അപേക്ഷകൾ ഓൺലൈൻ ആയി സ്വീകരിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ NIC യുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ